**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3218** **26-06-2024 - ൽ മറുപടിയ്ക്ക്**

**കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ അപ്രൂവൽ നടപടികൾക്ക് (ഫയൽ നം. ജി2/07/2024-പി.ഡബ്ള്യൂ.ഡി.) കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) | കിഫ്ബി 2017-2018 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിമറ്റം - കിഴക്കമ്പലം മനക്കടവ് റോഡ് നവീകരണ പ്രവൃത്തികൾക്ക് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 32.63 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിക്ക് മൂന്ന് സ്ട്രെച്ചുകളാണുള്ളത്. കരാറുകാരൻ സ്ട്രെച്ച് (1&3) പൂർത്തീകരിച്ചെങ്കിലും സ്ട്രെച്ച് 2 ൽ പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. കിഴക്കമ്പലം അന്ന ജംഗ്ഷൻ മുതൽ നെല്ലാട് വരെയുള്ള (സ്ട്രെച്ച് -2) 13.65 Km റോഡിന്റെ ബാലൻസ് പ്രവൃത്തിക്ക് 01/11/2023 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും 07.11.2023 ന് ടെൻഡർ ചെയ്യുകയും ചെയ്തു. 27.11.2023-ന് ചേർന്ന 48-മത് ടെൻഡർ അപ്രൂവൽ കമ്മിറ്റി പ്രസ്തുത പ്രവൃത്തി DsoR 2018-ൽ ടെൻഡർ ചെയ്തതിനുള്ള വിശദീകരണവും വിശദമായ റിപ്പോർട്ടും സർക്കാരിലേക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ച പ്രകാരം ആയതു 16.12.2023 -ന് സർക്കാരിന് സമർപ്പിച്ചിരുന്നു. സർക്കാരിൽ നിന്നും 21.06.2024 ന് ടെൻഡറിന് അംഗീകാരം ലഭിച്ചതിനെ തുടർന്ന് ടെൻഡർ ഫയൽ അംഗീകാരത്തിനായി 21.06.2024 ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കിഫ്ബിയിൽ നിന്ന് ടെൻഡർ ഫയലിന് അംഗീകാരം ലഭ്യമാക്കി. LoA നമ്പർ, Unique agreement നമ്പർ ലഭിച്ചതിനു ശേഷം Letter of Acceptance നൽകി, കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ